മത്താ. 1:18 - 24

ഡിസംബർ 17: മാർ യൗസേപ്പിനുണ്ടായ ദർശനം

ഭാഷ്യം

I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ പ്രാരംഭഭാഗമാണ് 1:1 മുതൽ 4:11 വരെ. യേശു പ്രവർത്തനം ആരംഭിക്കുന്നതുവരെയുള്ള സംഭവങ്ങളാണ് ഇവിടെ പ്രതിപാദ്യം. മറിയത്തിന്റെ മകനായ യേശു, ക്രിസ്തുവും ദൈവത്തിന്റെ പുത്രനുമാണെന്ന അനുഭവത്തിലേക്ക് വായനക്കാരനെ നയിക്കുകയാണ് ഈ ഭാഗത്തിന്റെ ലക്ഷ്യം.

II. പ്രമേയം

ദൈവം കൃത്യമായി നിയന്ത്രിക്കുന്ന യൂദ ചരിത്രഗതിയിൽ ക്രിസ്തുവായി ജനിക്കുന്നത് യേശുവാണെന്നാണ് വംശാവലി ചരിത്രം പറയുന്നത് (1:1-17). മറിയത്തിൽ നിന്നും യേശു ജനിപ്പിക്കപ്പെട്ടുവെന്നാണ് (1:18) വംശാവലി പറയുന്നത്. ഇസഹാക്ക് മുതൽ (1:2) ജോസഫ് വരെയുള്ളവരെ (1:2-16) അവരുടെ പിതാക്കന്മാർ ജനിപ്പിക്കുമ്പോൾ യേശുവിനെ ജോസഫ് ജനിപ്പിക്കുന്നില്ല. പകരം അവൻ ജനിപ്പിക്കപ്പെടുകയാണ് (1:16). ജനിപ്പിക്കപ്പെട്ടു എന്നു പറഞ്ഞാൽ യേശു ദൈവത്താൽ ജനിപ്പിക്കപ്പെട്ടു എന്നർത്ഥം. അതായത് ദൈവം യേശുവിനെ ജനിപ്പിച്ചു എന്നർത്ഥം. ഇത് എങ്ങനെ സംഭവിച്ചുവെന്ന വായനക്കാരന്റെ ആകാംക്ഷക്കുള്ള ഉത്തരമാണ് 1:18-25. ചുരുക്കത്തിൽ യേശു എങ്ങനെയാണ് ഒരേ സമയം ദൈവത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനും (ക്രിസ്തു) ആകുന്നതെന്ന് ഈ ഭാഗത്ത് വിശദീകരിക്കപ്പെടുന്നു.

III. സന്ദേശം

1. യേശുവിന്റെ പേരിന്റെ തന്നെ അർത്ഥം ജനത്തെ രക്ഷിക്കുന്നവൻ എന്നാണ് (1:21). അവന്റെ പേരിൽ തന്നെ രക്ഷകനാകാനുള്ള വിളിയാണ് ഉൾച്ചേർന്നിരിക്കുന്നത്; അതായത് അവന്റെ വ്യക്തിത്വത്തിൽ തന്നെ. ഏതൊരു ക്രിസ്തുശിഷ്യന്റെ കാര്യത്തിലും ഇത് ശരിതന്നെയാണ്. രക്ഷകനാകാനുള്ള ദൗത്യം നിന്റെ വ്യക്തിത്വത്തിൽ തന്നെ ഉൾച്ചേർന്നിട്ടുണ്ട്. ഇത് നീ തിരിച്ചറിയുക. മറ്റുള്ളവർക്ക് രക്ഷയുടെ വഴിയും വഴികാട്ടിയുമാവാനുള്ള അവസരങ്ങളൊക്കെ നഷ്ടപ്പെടുത്താതിരിക്കുക.

2. ഗർഭിണിയായ ഭാര്യയെ ഉപേക്ഷിക്കാനാണ് യൗസേപ്പ് ആലോചിക്കുന്നത് (1:19). കാരണം അവളുടെ ഗർഭം തെറ്റും പാപഫലവുമാണെന്ന് അയാൾ ധരിച്ചു. സാധാരണ നിയമത്തിനും രീതികൾക്കും വിരുദ്ധമായി സംഭവിക്കുന്നതൊക്കെ എപ്പോഴും തെറ്റും പാപവുമാകണമെന്നില്ല. മറിച്ച് ദൈവികമായതും വിശുദ്ധ

മായതുമാകാം (1:20). ഈ തിരിച്ചറിവാണ് നിനക്കുണ്ടാകേണ്ടത്. അതിനാൽ ഒന്നിനെയും എളുപ്പത്തിൽ നീ കുറ്റം വിധിച്ച് പടിക്ക് പുറത്താക്കരുത്.

3. ദൈവം നമ്മോടുകൂടെ എന്നർത്ഥമായ എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും (1:23). ദൈവം മനുഷ്യനോടുകൂടെ ആകുന്നത് യേശുവിലാണ്. ഓരോ ക്രിസ്തുശിഷ്യനും ഈ ദൗത്യത്തിൽ പങ്കുപറ്റേണ്ടിയിരിക്കുന്നു-മനുഷ്യരോടുകൂടിയുള്ള ദൈവസാന്നിധ്യമാകാൻ. ദൈവസാന്നിധ്യത്തിന്റെ വ്യക്തിയാകാനുള്ള വിളിയാണ് നിന്റേത്. അത് നീ തിരിച്ചറിയുക. ദൈവ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മാധ്യമമാകാനുള്ള അവസരങ്ങളൊക്കെ ഉപയോഗപ്പെടുത്തുക.

ഡോ. ജേക്കബ് നാലുപറയിൽ എംസിബിഎസ്

പ്രസംഗം

ആശങ്കയകറ്റുന്ന ദൈവസാന്നിധ്യം

നീതിമാനായ ജോസഫിന്റെ നിദ്രയില്ലാത്ത ഒരു രാത്രി. നന്മ ചെയ്തവർക്ക് നന്മ മാത്രം തിരിച്ചു കിട്ടുമെന്നാണ് വിശ്വാസം. നീതി ചെയ്തവർക്കും, സമാധാനം നൽകിയവർക്കും അതു മാത്രം തിരിച്ചു കിട്ടുമെന്നും. അവ നൽകാൻ മനുഷ്യനും ലോകവും പരാജയപ്പെട്ടാൽ ദൈവം നേരിട്ട് ഇടപെടുമെന്നാണ് നമ്മുടെ വിശ്വാസം.

നീതിമാനായ ആ ചെറുപ്പക്കാരന്റെ വിശ്വാസം തെറ്റിയില്ല. ഒരു യുവാവിനെ നീതിമാനെന്ന് തിരുവചനം വിശേഷിപ്പിക്കാൻ തക്ക വിധം അവൻ ജീവിച്ചെങ്കിൽ, അത് ഒത്തിരി കഷ്ടപ്പെട്ടും പരിശ്രമിച്ചും ആണ് എന്നർത്ഥം. നാടും നാട്ടുകാരും എല്ലാവരും അതു തന്നെയാണ് പറയുന്നത് എന്നും മനസ്സിലാക്കാം. നൻമയിലും നീതിയിലും ജീവിക്കുന്നത് മനസ്സമാധാനത്തോടെ ഉറങ്ങാനും, സന്തോഷമായി ജീവിക്കാനും വേണ്ടിയാണ്. ഭയവും ആകുലതയും ഇല്ലാതെയും മനസിന് ഭാരമില്ലാതെയും ജീവിക്കാൻ അതു തന്നെയാണ് ഏറ്റവും നല്ല വഴിയെന്ന് ജോസഫ് മനസിലാക്കിയെടുത്തു. എന്നിട്ടും ജോസഫിന് നിദ്രയില്ലാത്ത ഒരു രാത്രി ലഭിച്ചെങ്കിൽ, അദ്ദേഹം തീർച്ചയായും വിഷമിക്കും. എന്തിനാണ് ഈ തലവേദനകൾ എടുത്തു വയ്ക്കുന്നത് എന്ന് സ്വാഭാവികമായും ചിന്തിക്കും. ഇതുവരെ ശീലിച്ചു പോന്ന ഒരു ജീവിതരീതിയെ തകർക്കാനും, സൽപേര് നശിപ്പിക്കാനും ജോസഫിന് മനസ്സു വരുന്നില്ല. ശക്തമായ ആശങ്കയിലാണ് ആ ചെറുപ്പക്കാരൻ.

ദൈവസ്വരം എത്ര സൗമ്യമാണ് എന്നത് നമ്മെ അത്ഭുതപ്പെടുത്തും. പുതിയ നിയമത്തിന്റെ ആരംഭ അദ്ധ്യായത്തിൽ തന്നെ ഇത്ര സൗമ്യമായി സംസാരിക്കുന്ന ഒരു ദൈവദൂതനെ കാണാൻ സാധിക്കുന്നു എന്നത് യാദൃച്ഛികമല്ല. ദൈവപദ്ധതികൾക്കു മുന്നിൽ സംശയത്തോടെ നിൽക്കുന്ന ഒരു സാധാരണ മനുഷ്യനെ അഭിമുഖീകരിക്കാൻ ദൈവം തിരഞ്ഞെടുക്കുന്ന

സംസാരരീതി, ദൈവദൂതൻ സംസാരിക്കുന്ന ഭാഷ ആശങ്കയകറ്റുന്നതാണ്, മനസിന്റെ ഭാരം നീക്കിക്കളയുന്നതാണ്. മനസിൽ ഒരു ഭാരവും കൂടി കയറ്റി വച്ച് അവനെ അനുസരിപ്പിക്കുന്ന യഹൂദരീതി ഇതിലില്ല. ഒരു ചുമടുകൂടി തലയിൽ വച്ചു നൽകുകയും അവൻ ഉഴലുകയും ചെയ്യുന്നത് കണ്ടു സന്തോഷിക്കുന്ന ഒരു മനോഭാവവും ഇതിലില്ല.

ജോസഫിന് ലഭിക്കുന്ന ഭാരം, പുതിയ ഉത്തരവാദിത്വം ഒട്ടും ലളിതമല്ല, ജീവിതത്തിലെ സ്വസ്ഥത മുഴുവൻ കളയുന്നതാണ്. എന്നിട്ടും, 'ആശങ്കപ്പെടേണ്ട' എന്ന ദൈവവചനം എല്ലാ ഭാരവും ഏറ്റെടുക്കാൻ ജോസഫിനെ ശക്തിപ്പെടുത്തി.

ജീവിതത്തിലെ പ്രശ്നങ്ങളെക്കാൾ നമ്മെ ഭാരപ്പെടുത്തുന്നത് അതിനെക്കുറിച്ചുള്ള ഭയമാണ്. എല്ലാ ഉത്സാഹവും നശിപ്പിക്കാൻ ഭയത്തിന് കഴിയും. തുറന്നു കിടക്കുന്ന എല്ലാ വഴികളും അടച്ചുകളയുന്നതാണ് ഭയത്തിന്റെ ആധിക്യം. ഒരു പ്രശ്നവും അതിനെക്കുറിച്ചുള്ള ഭയവും ചേർന്നാൽ മരണ തുല്യമായ അവസ്ഥയാണ്. എന്നാൽ, പ്രശ്നത്തിൽ നിന്നും ഭയം നീക്കി നിർത്തിയാൽ, അതിനെ അഭിമുഖീകരിക്കാൻ എളുപ്പമാണ്. പ്രശ്നത്തിന്റെ കൂടെ ധൈര്യവും സത്ചിന്തയും ചേർന്നാൽ നന്മയിലേക്കുള്ള പ്രയാണം ആരംഭിക്കാം.

ഭയപ്പെടുത്തുന്ന രീതികളാണ് നമുക്ക് സ്വഭാവേന അറിയാവുന്നത്. ഭയപ്പെടുത്താനും അനുസരിപ്പിക്കാനും നമുക്ക് എളുപ്പമാണ്. അതിലും മോശമാണ് ഭയപ്പെടുത്തിയാലേ നാം അനുസരിക്കൂ എന്ന് സ്വയം കരുതുന്നതും. സൗമ്യമായി തിരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന രീതി നാം പരിശീലിക്കേണ്ടിയിരിക്കുന്നു. അവയാണ് നിലനിൽക്കുന്നതും നന്മ നിറഞ്ഞതുമായ പരിശീലന രീതികൾ. കുട്ടികളെ അച്ചടക്കം പഠിപ്പിക്കാൻ വടിയാണ് നമുക്ക് ആയുധം. അതിലെ നന്മയും ശ്രേഷ്ഠതയും നൽകുന്ന ബോധ്യമോ പുഞ്ചിരിയോടെയുള്ള നോട്ടമോ അല്ല പ്രചോദനം.

തെറ്റു ചെയ്താൽ ലഭിക്കുന്ന ശിക്ഷയുടെ വലിപ്പവും ക്രൂരതയും കാട്ടിയാണ് നാം ദുഷ്ടവാസനകളെ നിയന്ത്രിക്കുന്നത്. നിയമ നിർമ്മാണങ്ങളും ആ വഴിയിലാണ്. തെറ്റു ചെയ്താൽ നഷ്ടപ്പെടുന്ന മനസ്സമാധാനവും, ഒരാളുടെ നിഷ്കളങ്കത അപഹരിക്കുന്നതിലെ നെറികേടും ക്രൂരതയുമല്ല ഊന്നിപ്പറയുന്നത്. അതുകൊണ്ടാണ് 'തെറ്റു ചെയ്യരുത്' എന്നതിൽ നിന്നും 'തെറ്റു ചെയ്താൽ പിടിക്കപ്പെടരുത്' എന്നതിലേക്ക് ശ്രദ്ധ മാറുന്നത്.

ദൈവസാന്നിധ്യം ആശങ്കയകറ്റുന്നതാണ്. ഉള്ളിലെ ഭയത്തിന്റെ അംശവും അകറ്റിക്കളഞ്ഞാണ് ദൈവം നന്മയിലേക്ക് കൈ പിടിച്ചു നടക്കുന്നത്. നമ്മുടെ പരിശീലനങ്ങളിലും കുട്ടികളെ വളർത്തുന്നതിലും ബന്ധങ്ങളിലും എല്ലാം ഭീഷണിയും ഭയവും നീക്കിക്കളഞ്ഞ് നന്മയും സൗമ്യതയും നിറക്കാം. സൗമ്യമായി ഇടപെട്ട് ആശങ്ക നീക്കുന്ന ദൈവമുഖം പള്ളിയിലും കുടുംബത്തിലും സമൂഹത്തിലും നാം പ്രസരിപ്പിക്കണം.

ഫാ. സജി കളപ്പുരക്കൽ എംസിബിഎസ്

ലൂക്ക. 2: 1-5

ഡിസംബർ 24: യൽദായുടെ മുമ്പുള്ള ഞായർ

ഭാഷ്യം

I. സന്ദർഭം

മാനവചരിത്രത്തെ നിർണ്ണായകമായി നിർവചിക്കുന്ന മനുഷ്യാവതാര ത്തിന്റെ വിവരണങ്ങളിലേക്ക് വായനക്കാരെ സൂക്ഷ്മതയോടെ, കലാവൈഭ വത്തോടെ നയിക്കുകയാണ് സുവിശേഷകൻ. പഴയ നിയമത്തിന്റെ തുടർച്ചയും ഒപ്പം നൂതനതയും ഒരു പോലെ യേശുവിൽ സമന്വയിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ് യോഹന്നാനെ പശ്ചാത്തലത്തിൽ നിറുത്തികൊ ണ്ടുള്ള ആഖ്യാനം. കുടുംബത്തിന്റെ സുരക്ഷിതത്വത്തിൽ, ഒരു ഗ്രാമത്തിന്റെ സന്തോഷാന്തരീക്ഷത്തിൽ, യോഹന്നാന്റെ പിറവി രേഖപ്പെടുത്തി. തുടർന്നു യോഹന്നാന്റെ ആവാസവും ശൈലിയും ക്ലിപ്തമായി 'മരുഭൂമി' പരാമർശ ത്തിലൊതുക്കി - യേശുവിന്റെ പിറവിയുടെ മനോഹാരിതക്കായി നമ്മെ ഒരു ക്കുന്നു. തികച്ചും ഭിന്നമായ അതിലോലമായ ആഖ്യാനം കൊണ്ട് ആകർഷ കമാക്കുകയാണ് യേശുവിന്റെ ജനന വിവരണം.

II. പ്രമേയം

സർവ്വ ലോകത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ് (2:11) യേശുവിന്റെ ജനനം. യേശുവിന്റെ ജീവിതശൈലിയും ലക്ഷ്യവും അർത്ഥവും പ്രകടമാക്കുന്നതാണ് ഈ ദൂതും, അതിന് മുമ്പും പിമ്പും അവ തരിപ്പിക്കപ്പെടുന്ന സംഭവങ്ങളും. മറിയത്തെപ്പോലെ ധ്യാനാത്മകമായി വേണം യേശുരഹസ്യങ്ങളെ സ്വീകരിക്കാനെന്നുള്ളതും പ്രധാന ചിന്തയാണ്.

III. സന്ദേശം

1. ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട ഒന്നാണ് യേശുവിന്റെ ജനനം. റോമൻ ചക്രവർത്തിയായിരുന്ന സീസറിന്റെയും (ബി.സി. 27 - 14 എ.ഡി.), കിരീനിയോസ് എന്ന ഗവർണറുടേയും, ഹേറോദേസ് എന്ന രാജാവിന്റെയും കാലയളവിലാണ് യേശു പിറക്കുന്നത്. ഈ വിവരണത്തിൽ തന്നെ സൂക്ഷ്മ മായ ഒരു രേഖപ്പെടുത്തൽ നടക്കുന്നുണ്ട്. റോമാസാമ്രാജ്യത്തിന്റെ പ്രവശ്യ യായ സിറിയായിലെ ഒരു കൊച്ചു രാജ്യമായ യൂദായിലെ ഒരു കൊച്ചു ഗ്രാമ മായ ബത്‌ലഹമിലെ നക്ഷത്രങ്ങൾ മാത്രം കൂട്ടുള്ള ഒരു കാലിത്തൊഴുത്തായ മൺഗുഹയിലേക്ക് ഉണ്ണി പിറവിയെ കേന്ദ്രീകരിക്കുമ്പോൾ മാനവകുലത്തിലെ ഏറ്റവും നിസ്സാരതയിൽ പോലും ദൈവത്തിന്റെ വരവ് അറിയിക്കുകയാണ്. ക്രിസ്തു സംഭവം ആധികാരികമാണ്, ചരിത്രപരമാണ്. ഈ ഉറപ്പാണ് നമ്മുടെ

രക്ഷയുടെ അടിസ്ഥാനം. ക്രിസ്തു ഒരു മിഥ്യ അല്ല, കെട്ടുകഥയല്ല. എന്റെയും നിങ്ങളുടെയും ജീവിത ചരിത്രത്തിന്റെ ഒരു ശക്തമായ കണ്ണി തന്നെയാണ്.

2. യേശുവിന്റെ പിറവിയിൽ നിർണ്ണായകമായ ഒരു സമന്വയം നടക്കുന്നുണ്ട്. സ്വർഗ്ഗവും ഭൂമിയും മാലാഖമാരും മനുഷ്യരും കാലിത്തൊഴുത്തും ആട്ടിടയന്മാരും എല്ലാം ഒന്നിക്കുന്ന ചരിത്ര മുഹൂർത്തം. ജനനവിവരം നൽകുന്നതും ആദ്യത്തെ താരാട്ടു പാടുന്നതും മാലാഖമാർ. ദൈവത്തിന്റെ കൈപിടിച്ച് പറുദീസയിൽ ഉലാത്തിയ ആദിമനുഷ്യൻ ആ കൈ വിടുവിച്ചെങ്കിൽ, മനുഷ്യൻ, ദൈവത്തിന്റെ കരം തേടിപ്പിടിക്കുന്നതിന്റെ ഉദാത്ത നിമിഷങ്ങളാണ് യേശു പിറവി. മണ്ണും വിണ്ണും രഞ്ജിപ്പിലെത്താൻ പോകുന്നു എന്നതിന്റെ ആദ്യാനുഭവം. അതു പൂർണ്ണമാകുന്നത് കാൽവരിയിലാണെന്നതും കാലിത്തൊഴുത്തും കാൽവരിയും കണ്ണി ചേർക്കപ്പെടുന്നു എന്നുള്ളതും മാനവകുലത്തിന്റെ ഭാഗ്യം.

3. ആട്ടിടയന്മാർ യേശുവിനെ തിരിച്ചറിഞ്ഞത് പിള്ളക്കച്ചയിൽ പൊതിഞ്ഞു കിടക്കുന്ന ശിശുവിലാണ്. സ്വന്തമായി, സ്ഥിരമായി താമസിക്കാനിടമില്ലാത്ത ആട്ടിടയർക്ക് അവരെപ്പോലെ അവരുടെ അതേ സാഹചര്യത്തിൽ പിറന്നുവീണ കുഞ്ഞിൽ ദൈവപുത്രനെ, തങ്ങളുടെ തന്നെ രൂപഭാവങ്ങളോടെ കാണാനായി. അത് അവരെ സന്തോഷിപ്പിച്ചു. ദൈവത്തെ തങ്ങളിലൊരുവനായി അവർക്കു കാണാൻ കഴിഞ്ഞു. കർഷകന്റെ കൃഷിയിടങ്ങളിലും ദളിതന്റെ പിന്നാമ്പുറങ്ങളിലും മാർക്കറ്റിലും ചന്തയിലും ചൂതാട്ട കേന്ദ്രങ്ങളിലും – ആരും എത്തി നോക്കാൻ മടിക്കുന്ന ഇടങ്ങളിലുമെല്ലാം ദൈവം പിറവിയെടുത്തു എന്നിരിക്കും. അത്തരം ഒരു അത്ഭുതത്തിനായി നീ എന്നും കാത്തിരിക്കുക, തുറവിയോടെ. ക്രിസ്മസ് നൽകുന്ന വലിയ പാഠമാണത്.

ഡോ. ജേക്കബ് മൂല്ലൂർ

പ്രസംഗം
സന്തോഷത്തിന്റെ വാർത്ത

ഇന്ന് ധാരാളം വ്യക്തികൾ വിശുദ്ധനാടുകൾ സന്ദർശിക്കുന്നുണ്ട്. വളരെ നല്ല അനുഭവങ്ങളുമായിട്ടാണ് തിരിച്ചുവരുന്നത്. വിശുദ്ധനാട്ടിലെ സന്ദർശനം കഴിഞ്ഞ് വന്ന ഒരു വ്യക്തിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പങ്കുവെച്ച ഒരു കാര്യം ഇവിടെ പറഞ്ഞ് ഈ ക്രിസ്തുമസ്സ് സന്ദേശം നല്കാമെന്ന് കരുതുകയാണ്. ക്രിസ്തു എന്ന ഒരു വ്യക്തി ജനിച്ചുവെന്നും, ജീവിച്ചിരുന്നുവെന്നും ആ പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ മനസ്സിലായി, അങ്ങനെയെങ്കിൽ നമ്മുടെ സുവിശേഷത്തിൽ പറയുന്ന കാര്യങ്ങൾ ഈശോ പ്രവർത്തിക്കുകയും പറയുകയും ചെയ്തിട്ടുണ്ടാകുമെന്ന് എനിക്ക് ഇപ്പോൾ സംശയമില്ല.

ഒരു ചരിത്രപുരുഷൻ എന്ന നിലയിൽ ഈശോയെ അംഗീകരിക്കുവാൻ തയ്യാറാകുന്നിടത്തുനിന്നാണ് ഈ വ്യക്തിയുടെ വിശ്വാസജീവിതത്തിന്റെ

വളർച്ച ആരംഭിക്കുന്നത്. ഈ ഒരു അനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലിനു വേണ്ടി വിശുദ്ധനാട്ടിലെ സന്ദർശനത്തിനുവേണ്ടി കാത്തിരിക്കേണ്ടതില്ലെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു ദിവസമാണ് ക്രിസ്തുമസ്.

ദൈവത്തിന്റെ സ്വഭാവത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ബൈബിൾ അവതരിപ്പിക്കുന്നത് വാഗ്ദാനങ്ങളിൽ ദൈവം എന്നും വിശ്വസ്ത നാണ് എന്നതാണ്. വാക്ക് പാലിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ നിന്നു വാഗ്ദാനങ്ങളുടെ പൂർത്തികരണമായി അവതരിക്കുന്ന ദൈവത്തിന്റെ ജീവിക്കുന്ന സാന്നിധ്യമാണ് ക്രിസ്തുമസ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. വാക്ക് പാലിക്കുന്നതിൽ വിമുഖത പുലർത്തുന്ന ഒരു ജനതയുടെ ഇടയിലേക്ക് വാക്ക് പാലിക്കുവാൻ വരുന്നവനെ നാം സ്വീകരിക്കേണ്ടത് നമ്മുടെ 'വാക്കിന്' ഉറപ്പുള്ളവരായി നാം, നമ്മെ തന്നെ രൂപാന്തരപ്പെടുത്തും എന്നുള്ള തീരുമാനത്തോടുകൂടിയായിരിക്കണം.

ഇന്നത്തെ വായനയിൽ ഈശോ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇവ നമ്മുടെ ക്രിസ്തുമസ് ആചരണത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ടോ എന്ന് ചിന്തിക്കുവാനുള്ള ഒരു അവസരം കൂടിയാണ് ഇത്.

കർത്താവിന്റെ ദൂതന്റെ സാന്നിധ്യം. സാധാരണജീവിതത്തിൽ നാം കണ്ടെത്തുന്ന വ്യക്തികൾ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ കർത്താവിന്റെ ദൂത് നമ്മുടെ ജീവിതത്തിൽ നൽകുന്ന ദൂതന്മാർ ആണ്. അവരെ ആ രീതിയിൽ പരിഗണിക്കുകയും സ്വീകരിക്കുകയും ചെയ്താൽ കർത്താവിന്റെ മഹത്വം ലഭിക്കും. പലപ്പോഴും വ്യക്തികളെ ദൂതന്മാരായി അംഗീകരിക്കാൻ കഴിയാത്തതിനാൽ നമ്മുടെ ജീവിതത്തിൽ കർത്താവിന്റെ മഹത്വം ലഭിക്കാതെ പോകുന്നുണ്ട്. ഈ ക്രിസ്തുമസിൽ നാം സ്വീകരിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു മനോഭാവം വ്യക്തികളെ കർത്താവിന്റെ ദൂതന്മാരായി ജീവിതത്തിലേക്ക് സ്വീകരിക്കുക എന്നതാണ്. അതുവഴി നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവമഹത്വം തിരികെ സ്വീകരിക്കുവാൻ നമുക്ക് സാധിക്കും. കർത്താവിന്റെ മഹത്വം സ്വീകരിക്കുമ്പോൾ ഭയപ്പാടുകൾ സാധാരണമാണ്. അബ്രാഹത്തിന്റെ അടുത്ത് ദൂതൻ വന്നപ്പോൾ അബ്രാഹം ഭയപ്പെട്ടു. സഖറിയായുടെ അടുത്ത് ദൂതൻ വന്നപ്പോൾ സഖറിയാ ഭയപ്പെട്ടു. മറിയത്തിന്റെ അടുത്ത് ദൂതൻ വന്നപ്പോൾ മറിയം ഭയപ്പെട്ടു. ഇങ്ങനെ ദൂതന്റെ സാന്നിധ്യത്തിൽ രൂപപ്പെടുന്ന ഭയപ്പാടുകളെ അകറ്റുവാൻ കർത്താവിന് കഴിയും. ഇന്ന് ഭയപ്പാടുകൾ വ്യക്തികൾ തമ്മിലാണ്. വ്യക്തികൾ തമ്മിലുള്ള ഭയപ്പാടുകൾ അകറ്റുവാൻ ക്രിസ്തുമസ് ഒരു ജീവിതാനുഭവം ആയിതീരണം. അതിന് ക്രിസ്തുവിന്റെ സന്ദേശം സ്വീകരിക്കുവാൻ വ്യക്തികൾ തയ്യാറാകണം.

സന്തോഷത്തിന്റെ വാർത്തയാണ് ക്രിസ്തുമസ് നമുക്ക് നൽകുന്നത്. ഈ സന്തോഷത്തിന്റെ വാർത്തയുടെ അടിസ്ഥാനം സകലജനത്തിനും വേണ്ടി

യുള്ള രക്ഷകന്റെ വരവിന്റെ സന്ദേശം ആണ്. ഈ സന്ദേശത്തിന് അടയാളം ഉണ്ട്. ഈ അടയാളം രൂപപ്പെടുത്തിയത് ഇന്നത്തെ തിരുവചനഭാഗത്തിന്റെ ആരംഭത്തിൽ നാം വായിക്കുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽ സ്ഥലം ഇല്ല എന്ന് പറഞ്ഞതിനാൽ പുൽത്തൊട്ടിയിൽ പിറന്നതുമൂലം രൂപപ്പെട്ട അടയാളം ആണത്. നാം കർത്താവ് നൽകിയ കാര്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് കർത്താവിന് നമുക്ക് അടയാളം നൽകുക. അതുകൊണ്ടാണ് ക്രിസ്തുമസ്സിനുവേണ്ടി നാം ധാരാളം ഒരുക്കങ്ങൾ നടത്തുന്നത്. നന്മകൾ കൊണ്ടുള്ള ഒരു അടയാളം ആണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽ തീർച്ചയായും നാം നന്മകൾ ചെയ്യണം. അങ്ങനെ വരുമ്പോൾ ഇന്ന് നാം രൂപപ്പെടുത്തുന്ന ക്രിസ്തുമസ്സ് ഒരുക്കങ്ങൾക്ക് മാറ്റം വരണം. ക്രിസ്തുവിന്റെ ജനനത്തിനുവേണ്ടി ഒരു കാലിത്തൊഴുത്ത് ആ പ്രദേശത്തെ ജനം മറിയത്തിന് നൽകിയപ്പോൾ തിരിച്ച് കർത്താവിന്റെ ജനനത്തിന്റെ അടയാളം ആയി ദൈവം നൽകിയത് പുൽത്തൊട്ടിയിൽ കിടത്തിയ ഈശോയെയാണ്. അതിനാൽ ഈ ക്രിസ്തുമസ്സിൽ നമുക്ക് അടയാളമായി ലഭിച്ചിരിക്കുന്ന ജീവിതാനുഭവം, നാം ദൈവത്തിന് നൽകിയത് തന്നെയാണ്. ഈ ചിന്ത ഒരു ജീവിത നവീകരണത്തിന് നമ്മെ ക്ഷണിക്കുന്നുണ്ട്.

നന്മകളുടെ അടയാളങ്ങളാൽ രൂപപ്പെടുത്തിയ ഒരു ക്രിസ്തുമസ്സ് അനുഭവത്തിലേക്ക് ആണ് ദൂതന്മാരുടെ നിര ദൈവത്തിന്റെ സമാധാനത്തിന്റെ ഗീതം ആലപിക്കുന്നത്. ഈ ഒരു കാര്യം നമ്മുടെ ജീവിതത്തിൽ നിരന്തരം സംഭവിക്കേണ്ടതാണ്. ദൈവത്തിന്റെ മഹത്വം മനുഷ്യരുടെ ജീവിതത്തിൽ സമാധാനം ആയി രൂപാന്തരപ്പെടുന്നിടത്താണ് ക്രിസ്തുമസ്സിന്റെ അനുഭവം ഉണ്ടാകുക.

ഈ ഒരു അവസ്ഥ ഒരുവന്റെ ജീവിതത്തിൽ സംഭവിക്കുമ്പോൾ ആണ് നമുക്ക് കർത്താവിനെ കാണാൻ പോകാമെന്നുള്ള ആഗ്രഹം ഉണ്ടാവുക. ഈ ആഗ്രഹത്തിൽ നിന്നും രക്ഷകനായ ക്രിസ്തുവിലേക്ക് ഒരുവന്റെ ജീവിതത്തെ സമർപ്പിക്കുന്നതാണ് വിശ്വാസ ജീവിതം. അവിടെ ആരംഭിക്കുന്നതാണ് നമ്മുടെ മിഷൻ പ്രവർത്തനം. തങ്ങളോട് പറയപ്പെട്ടതും തങ്ങൾ കണ്ടതും അനുഭവിച്ചതുമായ ക്രിസ്തുമസ്സ് അനുഭവം അവർ എല്ലാവരോടും പറഞ്ഞു. ഇത്രയും വലിയ രക്ഷാകരമായ കാര്യത്തെക്കുറിച്ച് മറ്റുള്ളവരോട് സംസാരിക്കാൻ നമുക്ക് സമയമില്ല, സ്ഥലമില്ല. നമുക്ക് സമയം ഉള്ളത് നവമാധ്യമത്തിലൂടെ നിമിഷ നേരം കൊണ്ട് അയയ്ക്കാവുന്ന സന്ദേശത്തിനുവേണ്ടിയും വിഭവസമൃദ്ധമായ വിരുന്നുകളുടെ തിരക്കിലും, ഉല്ലാസയാത്രകളുടെ തിരക്കിലും ആണ്. വിസ്മരിക്കപ്പെടുന്ന ഒരു രക്ഷാകരചരിത്രം ക്രിസ്തുമസ്സിന് ഉണ്ട്. അത് ആരംഭിക്കുന്നത് വിധേയപ്പെടുന്നതിലും ജീവിതം സമർപ്പിക്കുന്നതിലും ആണ്. ഈ ചരിത്രത്തിൽ പങ്കാളിയാകുന്ന എല്ലാവരും വിധേയപ്പെടുകയും, ജീവിതം സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. അവിടെയാണ് യഥാർത്ഥ ക്രിസ്തുമസ്സ്.

ഫാ. പ്രസാദ് കുരിശുങ്കൽ സിഎസ്റ്റി